## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2983 — 15/12/2015 ൽ മറുപടിയ്ക്ക്

### കുടിയേറ്റഭൂമിയ്ക്ക് പട്ടയം

| ചോദ്യം<br>ശ്രീ.കെ.എസ്. ശബരീനാഥൻ | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ, കൈവശ രേഖയുള്ള കുടിയേറ്റ ഭൂമിയുള്ളവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) കേരള സംസ്ഥാനത്ത് 1993 ലെ പ്രത്യേക ചട്ടം (01.01.1977 ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിയ്ക്കൽ) പ്രകാരം റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധന കഴിഞ്ഞതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) 1977 ജനവരി 1-ന് മുൻപ് കുടിയേറിയവർക്ക് പട്ടയം നൽകണമെന്ന് കോടതി വിധിയുണ്ടോ; | (ബി) 1960 ലെ ഭൂമി പതിവ് നിയമത്തിലെ വകുപ്പ് 7 ന്റെ പിൻബലത്തിൽ കേരള സർക്കാർ രൂപം നൽകിയ 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടം (01.01.1977 ന് മുമ്പുള്ള വനഭൂമി കൈയേറ്റം ക്രമീകരിയ്ക്കൽ) പ്രകാരം 01.01.1977 ന് മുമ്പുള്ള വനഭൂമി കൈയ്യേറ്റത്തിന് പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നിയമ സാധുത നൽകിയിട്ടുണ്ട്. |
| (സി) തിരുവനന്തപുരം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിലവിൽ ഉണ്ട് ; ഇവർക്ക് പട്ടയ വിതരണത്തിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുമോ ? | (സി) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ 650 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ